**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 434** **08-08-2023 - ൽ മറുപടിയ്ക്ക്**

**എക്സൈസ് വകുപ്പ് രജിസ്റ്റർ ചെയ്ത കേസുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. ജെ. വിനോദ് | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം എക്സൈസ് വകുപ്പിലെ പ്രിവൻറീവ് ഓഫീസർമാർ മുതൽ അസിസ്റ്റന്റ് എക്സൈസ് ഇൻസ്പെക്ടർ വരെയുള്ള ഉദ്യോഗസ്ഥർ എത്ര നോൺ ബെയിലബിൾ കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (എ) | എക്സൈസ് വകുപ്പിൽ എക്സൈസ് ഇൻസ്പെക്ടർ മുതൽ മുകളിലോട്ടുള്ള ഉദ്യോഗസ്ഥരെയാണ് കേസുകൾ രജിസ്റ്റർ ചെയ്യാൻ അധികാരപ്പെടുത്തിയിട്ടുള്ളത്. ആയതിനാൽ പ്രിവന്റീവ് ഓഫീസർമാർ മുതൽ അസിസ്റ്റന്റ് എക്സൈസ് ഇൻസ്പെക്ടർ വരെയുള്ള ഉദ്യോഗസ്ഥർ കേസുകൾ രജിസ്റ്റർ ചെയ്തിട്ടില്ല. എന്നാൽ പ്രിവന്റീവ് ഓഫീസർമാർ മുതൽ അസിസ്റ്റന്റ് എക്സൈസ് ഇൻസ്പെക്ടർ വരെയുള്ള ഉദ്യോഗസ്ഥർ ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം 6189 നോൺ ബെയിലബിൾ കേസുകൾ കണ്ടെടുത്തിട്ടുണ്ട്. |
| (ബി) | ഇതിൽ അളവിൽ കൂടുതൽ മദ്യം കൈവശം വച്ചതിന് എത്ര കേസ്സുകളാണ് രജിസ്റ്റർ ചെയ്തിട്ടുള്ളത് എന്ന് അറിയിക്കാമോ; പ്രസ്തുത കേസുകൾ ഏത് വകുപ്പുകൾ പ്രകാരമാണ് രജിസ്റ്റർ ചെയ്തിട്ടുള്ളതെന്നും അവയയ്ക്കുള്ള ശിക്ഷയും വ്യക്തമാക്കാമോ; | (ബി) | ഇതിൽ അളവിൽ കൂടുതൽ മദ്യം കൈവശം വച്ചതിന് കണ്ടെടുത്ത കേസുകളില്ല. അളവിൽ കൂടുതൽ മദ്യം കൈവശം വയ്ക്കുന്നതിന് രജിസ്റ്റർ ചെയ്യുന്ന കേസുകൾ ജാമ്യം കിട്ടുന്നവയാണ്. അളവിൽ കൂടുതൽ മദ്യം കൈവശം വയ്ക്കുന്നതിന് അബ്കാരി ആക്റ്റ് സെക്ഷൻ 13 r/w 63 വകുപ്പ് പ്രകാരമാണ് കേസ് രജിസ്റ്റർ ചെയ്യുന്നത്. 5000/- രൂപ വരെ പിഴയോ രണ്ട് വർഷം വരെ തടവോ അല്ലെങ്കിൽ രണ്ടും കൂടിയോ ആണ് ഈ കുറ്റത്തിനുള്ള ശിക്ഷ. |
| (സി) | ബിവറേജസിൻെറയും കൺസ്യൂമർ ഫെഡിൻെറയും മദ്യ വില്പനശാലകളിൽ നിന്നും മദ്യം വാങ്ങി വരുന്നവരെ എക്സൈസ് ഉദ്യോഗസ്ഥർ അബ്കാരി കേസ്സിൽപ്പെടുത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | കൺസ്യൂമർ ഫെഡിന്റെയും ബിവറേജസിന്റെയും മദ്യ വില്പനശാലകളിൽ നിന്നും പലതവണകളായി മദ്യം വാങ്ങി നിയമാനുസൃതമായി കൈവശം വയ്ക്കാവുന്ന അളവിൽ കൂടുതൽ മദ്യം സൂക്ഷിക്കുന്നവർക്കെതിരെ എക്സൈസ് ഉദ്യോഗസ്ഥർ അബ്കാരി കേസെടുക്കാറുണ്ട്. |
| (ഡി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം പ്രിവൻറീവ് ഓഫീസർ മുതൽ അസി. എക്സൈസ് ഇൻസ്പെക്ടർ റാങ്ക് വരെയുള്ള ഉദ്യോഗസ്ഥർ രജിസ്റ്റർ ചെയ്തിട്ടുള്ള ബെയിലബിൾ കേസ്സ് എത്രയെന്ന് വ്യക്തമാക്കാമോ? | (ഡി) | എക്സൈസ് വകുപ്പിൽ എക്സൈസ് ഇൻസ്പെക്ടർ മുതൽ മുകളിലോട്ടുള്ള ഉദ്യോഗസ്ഥരെയാണ് കേസുകൾ രജിസ്റ്റർ ചെയ്യാൻ അധികാരപ്പെടുത്തിയിട്ടുള്ളത്. ആയതിനാൽ പ്രിവന്റീവ് ഓഫീസർമാർ മുതൽ അസിസ്റ്റന്റ് എക്സൈസ് ഇൻസ്പെക്ടർ വരെയുള്ള |

| | | | |
|---|---|---|---|
| | | | ഉദ്യോഗസ്ഥർ കേസുകൾ രജിസ്റ്റർ ചെയ്തിട്ടില്ല. എന്നാൽ പ്രിവന്റീവ് ഓഫീസർമാർ മുതൽ അസിസ്റ്റന്റ് എക്സൈസ് ഇൻസ്പെക്ടർ വരെയുള്ള ഉദ്യോഗസ്ഥർ ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം 17473 ബെയിലബിൾ കേസുകൾ കണ്ടെടുത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ